# മാർത്തോമ്മൻ സ്മൃതി യാത്ര നടന്നു

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വി. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നിലയ്ക്കൽ എക്യുമെനിക്കൽ ദേവാലയത്തിലേക്ക് മാർത്തോമ്മൻ സ്മൃതി യാത്ര നടത്തപ്പെട്ടു. ആങ്ങമൂഴി ഊർശ്ലേം മാർത്തോമ്മൻ കാതോലിക്കേറ്റ് സെന്റർ ചാപ്പലിൽ നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ മാർത്തോമ്മൻ സ്മൃതി യാത്രയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിൽ കൂടിയ സ്മൃതി സംഗമത്തിൽ നിലയ്ക്കൽ എക്യുമെനിക്കൽ സെന്റർ അഡ്മിനിസ്ട്രേറ്റർ റവ.ഫാ.കുറിയാക്കോസ് വടക്കേടത്ത് മാർത്തോമ്മൻ സ്മൃതി സന്ദേശം നൽകി. റവ.ഫാ.എബി വർഗീസ്, റവ.ഫാ.ജോസഫ് സാമുവേൽ, റവ.ഫാ.ഐവാൻ ജോസഫ് ഗീവർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.